**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2758 19.06.2014 -ലെ മറുപടിയ്ക്ക്

ബി.എഡ്. സെന്ററുകളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകരെ റഗുലറൈസ് ചെയ്യണമെന്ന നിർദ്ദേശം

*ചോദ്യം*
ശ്രീ.പി.കെ.ഗുരുദാസൻ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
( വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി.എഡ്. സെന്ററുകളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ; | (എ) | കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന 10 ബി.എഡ് സെന്ററുകളിൽ 111 അദ്ധ്യാപകരും 10 പ്രിൻസിപ്പൽമാരും ആണ് ഉള്ളത്. |
| (ബി) | പ്രസ്തുത അദ്ധ്യാപകരിൽ എത്ര പേർ താത്കാലിക ജീവനക്കാരായി ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിൽ അഞ്ചു വർഷത്തിനുമേൽ സർവ്വീസുള്ളവർ എത്രയാണ്; | (ബി) | പ്രസ്തുത അദ്ധ്യാപകരെല്ലാം ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നത്. അഞ്ച് വർഷത്തിനുമേൽ സർവ്വീസുള്ളവർ 74 പേർ |
| (സി) | നാഷണൽ കൗൺസിൽ ഓഫ് ടീച്ചേഴ്സ് എഡ്യൂക്കേഷൻ പ്രസ്തുത അദ്ധ്യാപകരെ റെഗുലറൈസ് ചെയ്യണമെന്ന നിർദ്ദേശിച്ചിട്ടുണ്ടോ; | (സി) | പ്രസ്തുത അദ്ധ്യാപകരെ സ്ഥിരപ്പെടുത്താൻ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ ബി.എഡ്. കോളേജുകളിലെ അദ്ധ്യാപക നിയമനം സ്ഥിരനിയമനാടിസ്ഥാനത്തിൽ നടത്താൻ നിഷ്കർഷിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുമോ ; എങ്കിൽ എന്നു മുതൽ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നും വിശദീകരിക്കുമോ? | (ഡി) | പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ തൽക്കാലം സർവ്വകലാശാലതലത്തിൽ സാധിക്കുകയില്ല. കാരണം കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന 10 ബി.എഡ് സെന്ററുകളും സ്വാശ്രയഅടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ